ടൂറിസം മേഖലയിൽ പ്രതിസന്ധി

10(*70) ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. പി. വിശ്വനാഥൻ : രാജ്യത്തെ കാണാനും പഠിക്കുന്നതിനുമായി വിനോദസഞ്ചാരികൾ കേരളത്തിലേക്ക് കൂടുതലായി എത്തുന്നുണ്ടോ എന്നതിന്റെ കണക്കുകൾ ലഭ്യമാണോ;

(എ) സംസ്ഥാനത്തെത്തുന്ന വിദേശീയരായ വിനോദസഞ്ചാരികളുടെ വരവ് കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ടൂറിസം മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇടതുപക്ഷ വിനോദ സഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കത്തക്ക രീതിയിലുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ആലോചന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഇപ്പോൾ 2006 മുതലുള്ള വിദേശ വിനോദ സഞ്ചാരികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	കേരളത്തിലെത്തിയവിദേശവിനോദ സഞ്ചാരികളുടെ കണക്ക്
2006	428 534
2007	515808
2008	598929
2009	557258
2010	659265
2011	732985
2012	793696
2013	858143
2014	923366
ഒക്ടോബർ 2015 വരെയുള്ള കണക്ക്	755390

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ യൂറോപ്പിലാകമാനമുണ്ടായ കടുത്ത സാമ്പത്തികമാന്ദ്യത്തിന്റെ കാലത്തും കേരളത്തിലെത്തുന്ന വിദേശ വിനോദസഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടില്ല. മാത്രവുമല്ല 8% വാർഷിക വളർച്ച ഇക്കാലയളവിൽ ഉണ്ടായിട്ടുമുണ്ട്. സാമ്പത്തിക മാന്ദ്യം മുൻകൂട്ടികാണുന്ന പ്രതിസന്ധി വരുന്നതിനായി വിവിധ തരത്തിലുള്ള വിപണന തന്ത്രങ്ങൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ചികിത്സാ നിരക്ക് വർദ്ധന

11(*71) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. വി. എച്ച്. തോമസ് :

ശ്രീ. തോൻസ് ജോസഫ് :

ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ചികിത്സാ നിരക്കുകൾ വർദ്ധിപ്പിച്ചത് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർദ്ധനരായ രോഗികൾക്ക് പ്രതിരോധകരമായി ഉറിക്കുന്ന ചികിത്സാ നിരക്ക് വർദ്ധനവ് പിൻവലിക്കുന്നതിനും പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിന് ആവശ്യമായ കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ&ബി) വർദ്ധിച്ചുവരുന്ന ചെലവുകൾ കണക്കിലെടുത്ത് കാലാകാലങ്ങളിൽ ക്രമ്യമായ ഇടവേളകളിൽ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി ചികിത്സാ നിരക്കുകൾ പുനർനിർണ്ണയിക്കുന്നുണ്ടെന്നും 2016-ൽ ചികിത്സാ നിരക്കുകൾ 15% വർദ്ധിപ്പിച്ച് സാമ്പത്തികമായി പിന്നോട്ടുനിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കാൻവേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ടെന്നും നിലവിലുണ്ടായിരുന്ന സബ്സിഡി പഴയതുപോലെ തുടരുന്നതിനാൽ ഇപ്പോഴത്തെ നിരക്കുവർദ്ധനവ് സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നാണാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly